

# തോപ്പിലൂടെ ..

കേശുവും രേവതിയും നടക്കാനിറങ്ങി .
അവർ തോപ്പിലൂടെ നടന്നു .
തോപ്പിൽ നിറയെ മരങ്ങൾ
വലിയ മരങ്ങളും ചെറിയ മരങ്ങളും
മരങ്ങളിൽ നിറയെ കിളികൾ .
കലപില .. കലപില
ഹായ് എത്ര കിളികൾ !
ഏതെല്ലാം നിറങ്ങളിലാണ് !
രേവതി അത്ഭുതപ്പെട്ടു.
ഉം ..തത്ത ,മൈന , ചെമ്പോത്ത് ,ഓലേഞ്ഞാലി,
പൂത്താങ്കീരികൾ .. എല്ലാരുമുണ്ടല്ലോ
കേശു പറഞ്ഞു .
നടന്നു നടന്ന് അവർ പേരയുടെ ചുവട്ടിലെത്തി .
കുട്ടികളെത്തിയപ്പോൾ ഛിൽ..ഛിൽ ചിലച്ചുകൊണ്ടു
അണ്ണാറക്കണ്ണൻ അടുത്ത മരക്കൊമ്പിലേക്ക്
ചാടി മറഞ്ഞു .
പേര നിറയെ പേരക്ക .
പച്ച നിറത്തിലും മഞ്ഞ നിറത്തിലും പേരക്കകൾ
കേശു പേരയിൽ ചാടിക്കയറി
പേരക്ക പറിച്ചു
കേശുവിന്റെ കീശ നിറയെ പേരക്ക
രേവതിയുടെ കൈ നിറയെ പേരക്ക
രണ്ടു പേരും വയറു നിറയെ പേരക്ക തിന്നു .



# ഗോട്ടികളി

വൈകുന്നേരമായി .
വെയിൽ താണു.
വേണു മുറ്റത്തേക്കിറങ്ങി .
ഗോപുവിനെ വിളിച്ചു.
വേണുവും ഗോപുവും കളിക്കാനിറങ്ങി .
വേണുവിന്റെ കൈ നിറയെ ഗോട്ടികൾ
ഗോപുവിന്റെ കീശ നിറയെ ഗോട്ടികൾ
രണ്ടുപേരും ഗോട്ടികളിക്കാൻ തുടങ്ങി .
വേണുവിന്റെ ചേട്ടൻ അവിടേക്ക് വന്നു .
ചേട്ടനും അവരോടൊപ്പം
ഗോട്ടി കളിക്കാൻ കൂടി .
അവരുടെ കലപില കേട്ട് ഗോപുവിന്റെ
ചേച്ചി വൈഗയും അവിടേക്ക് വന്നു .
വൈഗ കൗതുകത്തോടെ
ഗോട്ടികളി നോക്കി നിന്നു.
നേരം സന്ധ്യയായി .
”കളി നിർത്താം. വീട്ടിൽ പോകാം.”
വൈഗ പറഞ്ഞു .
ഗോട്ടി വാരി കീശയിലാക്കി
അവർ വീട്ടിലേക്ക് നടന്നു.



